No. CEE/ 4262/ 2016 / MDS-2017/ TA4

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001

## പത്രകുറിപ്പ്

## പി ജി ഡെന്റൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2017-18

## രണ്ടാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

സർക്കാർ ഡെന്റൽ കോളേജുകളിലെയും, അഖിലേന്ത്യാ ക്വാട്ടയിൽ നിന്നും "റിവർട്ട്" ചെയ്യപ്പെട്ട സീറ്റുകളിലെയും, കൽപ്പിത സർവ്വകലാശാല, സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകളിലെയും പി.ജി ഡെന്റൽ(എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിശദമായ വിജ്ഞാപനം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **22.05.2017** മുതൽ **26.05.2017** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ **(SBI)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ അല്ലെങ്കിൽ ഓൺലൈൻ പേയ്മെന്റ് ആയോ ഒടുക്കേണ്ടതാണ്. എസ്.ബി.ഐ. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 26.05.2017 (വെള്ളിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ് ബന്ധപ്പെട്ട ഡെന്റൽ കോളേജുകളിൽ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്.

മൈനോരിറ്റി/എൻ.ആർ.ഐ ക്വാട്ടയിൽ ഉൾപ്പെട്ട് സ്വകാര്യ സ്വാശ്രയ കോളേജിൽ/ കൽപിത സർവ്വകലാശാലയിൽ പ്രൊവിഷണൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 23.05.2017 തീയതി 2 മണിക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽവച്ച് നടക്കുന്ന കൗൺസിലിങ്ങിന് അസ്സൽ രേഖകളുമായി ഹാജരാകേണ്ടതാണ്.

കുടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**0471-2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം

20.05.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**